## അപേക്ഷകർ അറിഞ്ഞിരിക്കേണ്ട **കാര്യങ്ങൾ**

**കുടുംബം എന്നാൽ** കർഷകൻ, അദ്ദേഹത്തിന്റെ ഭാര്യ അവരുടെ പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർ ഉൾപ്പെടുന്നതാണ്

**പ്രാഥമിക അർഹത മാനദണ്ഡം** സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കാർഡ് പ്രകാരം 01-02-2019 തീയതിയിൽ രണ്ട് ഹെക്ടറിൽ കവിയാതെ വിസ്തീർണ്ണമുള്ള കൃഷിഭൂമി കൈവശമുള്ള ചെറുകിട നാമമാത്ര കർഷക കുടുംബം.

**പദ്ധതി ആനുകൂല്യം** - പദ്ധതി പ്രകാരം രാജ്യത്ത് ഒട്ടാകെ അർഹതയുള്ള ചെറുകിട നാമമാത്ര കർഷക കുടുംബംഗങ്ങൾക്ക് താഴെപ്പറയും വിധം സാമ്പത്തിക ആനുകൂല്യം ലഭ്യമാക്കുന്നതാണ്.

എ) രണ്ട് ഹെക്ടറിൽ കവിയാതെ കൃഷിഭൂമി കൈവശമുള്ള കർഷകർക്ക് ഒരു വർഷം ഒരു കുടുംബത്തിന് 6000/- രൂപ ആനുകൂല്യം മൂന്നുഗഡുക്കളായി നാലുമാസത്തിലൊരിക്കൽ ലഭ്യമാക്കുന്നതാണ്.

ബി) 2018-19 സാമ്പത്തിക വർഷത്തിൽ ആദ്യഗഡുവിന്റെ കാലാവധി 01/12/2018 മുതൽ 31/03/2019 വരെയാണ്.

**ഒഴിവാക്കപ്പെടുന്നവർ**

- താഴെപ്പറയുന്ന ഉയർന്ന സാമ്പത്തിക നിലവാരമുള്ളവ്യക്തികൾ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരല്ല.
  a) സ്വന്തമായി സ്ഥാപങ്ങളോടനുബന്ധിച്ച വസ്തു ഉടമകൾ
  b) കർഷക കുടുംബത്തിൽ ഒന്നോ അതിലധികമോ അംഗങ്ങൾ താഴെ പറയുന്ന വിഭാഗത്തിൽ ഉൾപെട്ടാൽ ആനുകൂല്യത്തിന് അർഹരല്ല.
  - ഭരണഘടന സ്ഥാപനങ്ങളിലെ നിലവിലുള്ളതും മുൻപുള്ളതുമായിട്ടുള്ള ഉദ്യോഗസ്ഥർ
  - നിലവിലുള്ളതും മുൻപുള്ളതുമായിട്ടുള്ള മന്ത്രിമാർ, ലോക സഭാംഗങ്ങൾ, രാജ്യസഭാംഗങ്ങൾ, നിയമസഭാംഗങ്ങൾ, സ്റ്റേറ്റ് ലജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾ, മേയർമാർ, ജില്ലാപഞ്ചായത്ത് അദ്ധ്യക്ഷൻമാർ,
  - കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിലും സർവ്വീസിലുള്ളവരും വിരമിച്ചവരുമായ ഉദ്യോഗസ്ഥർ (ക്ലാസ് 4/ ഗ്രൂപ്പ് D ഒഴികെയുള്ള )
  - കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച്, പ്രതിമാസം 10000/- രൂപയോ അതിൽ കൂടുതലോ പെൻഷൻ ആനുകൂല്യം ലഭിക്കുന്നവർ (ക്ലാസ് 4/ ഗ്രൂപ്പ് D ഒഴികെയുള്ള )
  - അവസാന അസ്സെസ്സ്മെന്റ് വർഷം ഇൻകം ടാക്സ് അടച്ചവർ
  - പ്രൊഫഷണൽ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ (ഡോക്ടർ, എഞ്ചിനീയർ, വക്കീൽ, ആർക്കിടെക്ട്, ചാർട്ടേർഡ് അക്കൗണ്ടന്റ് തുടങ്ങി നിയമാനുസൃതമായ രജിസ്റ്റർ ചെയ്ത് പ്രാക്ടീസ് ചെയ്യുന്നവർ )

**നിർബന്ധമായും സമർപ്പിക്കേണ്ട രേഖകൾ**

- ആനുകൂല്യത്തിനായി കർഷകർ, ബാങ്ക് പാസ്സ് ബുക്ക് (പകർപ്പ്), 2018-19 ലെ കരം ഒടുക്കിയ രസീത് (പകർപ്പ്). റേഷൻ കാർഡ് (പകർപ്പ്), ആധാർ കാർഡിന്റെ പകർപ്പോ, എൻറോൾമെന്റ് നമ്പരോ, ആധാർ കാർഡ് ഇല്ലാത്തപക്ഷം ഡ്രൈവിംഗ് ലൈസൻസ്, ഇലക്ഷൻ തിരിച്ചറിയിൽ കാർഡ്, NREGA ജോബ് കാർഡ് തുടങ്ങിയ കേന്ദ്ര സർക്കാരോ സംസ്ഥാനസർക്കാരോ അംഗീകരിച്ചിട്ടുള്ള തിരിച്ചറിയൽ രേഖകൾ.

**പദ്ധതി നടപ്പിലാക്കുന്ന രീതി**

- പദ്ധതി പ്രകാരം കർഷകർക്കുള്ള ആനുകൂല്യങ്ങൾ DBT (Direct Benefit Transfer) മുഖേന കർഷകരുടെ അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകുന്നതാണ് .

---